"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവഹിക്കുന്നതിന് എക്സ്ടെൻബിയ സൊല്യൂഷ്യൻസ് പ്രൈവറ്റ് ലിമിറ്റഡ് (Xtenbia Solutions Private Limited) എന്ന ഏജൻസിക്ക് അക്രഡിറ്റേഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1646/2023/LSGD      തീയതി,തിരുവനന്തപുരം, 12-08-2023

---

പരാമർശം:-
1. സ.ഉ(എം.എസ്)നം.133/2013/തസ്വഭവ, തീയതി 30/03/2013.
2. സ.ഉ(സാധാ)നം. 1159/2013/തസ്വഭവ, തീയതി 26/04/2013.
3. എക്സ്ടെൻബിയ സൊല്യൂഷ്യൻസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 29/04/2023-ലെ അപേക്ഷ.
4. കില ഡയറക്ടർ ജനറലിന്റെ 14/06/2023-ലെ 2023/3685/HQ നമ്പർ പരിശോധനാ റിപ്പോർട്ട്.
5. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 14/07/2023-ന് ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താൻ പരാമർശം (1) പ്രകാരം മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്രഡിറ്റേഷനു വേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം അക്രഡിറ്റേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

2) പബ്ലിക് സ്പേസ് സ്കേപ്പിംഗ് അഥവാ ലാൻഡ് സ്കേപ്പിംഗ് ചെയ്യുന്നതിനാവശ്യമായ വിശദപദ്ധതി രൂപരേഖ (Detailed Project Report) തയ്യാറാക്കുന്നതിനും, ലാൻഡ്സ്കേപ്പിംഗ് പദ്ധതികളുടെ നിർവഹണവും പരിപാലനവും നടത്തുന്നതിനും ആവശ്യമായ അക്രഡിറ്റേഷൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (3) പ്രകാരം എക്സ്ടെൻബിയ സൊല്യൂഷ്യൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ സർക്കാരിലേക്ക് അപേക്ഷ നല്കിയിരുന്നു.

3) മേൽ അപേക്ഷയിൽ പരാമർശം (4) പ്രകാരം കില ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് പരാമർശം (5)-ൽ പ്രതിപാദിച്ച അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ പരാമർശം (1) -ൽ പ്രതിപാദിച്ച അക്രഡിറ്റേഷൻ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തരവ് തീയതി മുതൽ 3 വർഷത്തേക്ക് എക്സ്ടെൻബിയ സൊല്യൂഷ്യൻസ് പ്രൈവറ്റ് ലിമിറ്റഡിന് പബ്ലിക് സ്പേസ് സ്കേപ്പിംഗ് / ലാൻഡ് സ്കേപ്പിംഗ് ചെയ്യുന്നതിനാവശ്യമായ വിശദപദ്ധതി രൂപരേഖ (Detailed Project Report) തയ്യാറാക്കുന്നതിനും, ഇത്തരം പദ്ധതികളുടെ നിർവഹണം, പരിപാലനം എന്നിവക്കും അക്രഡിറ്റേഷൻ നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഏജൻസി ശേഷിക്കധികരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുവാൻ പാടുള്ളതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപിക ഉദയൻ കെ എ എസ്
അണ്ടർ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, എക്സ്ടെൻബിയ സൊല്യൂഷ്യൻസ് പ്രൈവറ്റ് ലിമിറ്റഡ്,
അടുത്തില, പഴവങ്ങാടി പി.ഒ, കണ്ണൂർ, 670303.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (അർബൻ) തദ്ദേശ സ്വയംഭരണ വകുപ്പ്.
ഗ്രാമവികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റമാർക്കും, സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ (റൂറൽ) ഡയറക്ടർ മുഖേന.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റമാർക്കും സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ (അർബൻ) ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ചെയർമാൻ സ്റ്റേറ്റ് റിസോഴ്സസ് ഗ്രൂപ്പ്, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, കില, തൃശൂർ

എക്സിക്യൂട്ടിവ് ഡയറക്ടർ, ശുചിത്വ മിഷൻ

എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഡയറക്ടർ ക്ലീൻ കേരള കമ്പനി

കരുതൽ ഫയൽ/ഓഫീസ് കോപ്പി (2431251)

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 12-08-2023 20:36:06
സെക്ഷൻ ഓഫീസർ.